നമ്പർ എച്ച്2/42500/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 05.07.2018

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - തസ്തികനിർണയം 2018-19 - അധ്യാപക ബാങ്ക് 2017-18 സംരക്ഷിത ജീവനക്കാരുടെ വിവരശേഖരണവും പുനർവിന്യാസവും സംബന്ധിച്ച്.

സൂചന : 04.07.2018 ലെ ഇതേ നമ്പർ കത്ത്

സൂചന പ്രകാരമുള്ള കത്തിലെ 2-ാം പേജിലെ അവസാന ഖണ്ഡികയിൽ മാതൃ വിദ്യാലയത്തിൽ മടങ്ങിപ്പോയവരെയും (അധിക തസ്തികയിൽ 15.07.2018 ന് മടങ്ങി പോകുന്നവർ ഉൾപ്പെടെ) വിരമിച്ചവരെയുമൊക്കെ ഒഴിവാക്കി അധ്യാപക ബാങ്ക് പരിഷ്കരിക്കുവാൻ നിർദേശം നൽകിയിരുന്നു. എന്നാൽ സംരക്ഷിതാധ്യാപകർക്കായി മാറ്റി വെക്കുന്ന അധിക തസ്തികയിലേക്ക് മടങ്ങിപോകുന്നവരെ അധ്യാപക ബാങ്കിൽ നിന്ന് ഒഴിവാക്കരുത് എന്ന് അറിയിക്കുന്നു. അവർ സംരക്ഷിതാധ്യാപകർ എന്ന നിലയിലാണ് അധിക തസ്തികയിൽ നിയമിക്കപ്പെടുന്നത്. ആ നില തുടരുന്നിടത്തോളം കാലം അവരെ അധ്യാപക ബാങ്കിൽ തന്നെ നിലനിർത്തണം എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ജെസ്സി ജോസഫ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ് :

1. എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും,
   (എ.ഇ.ഒ/ഡി.ഇ.ഒ മുഖാന്തരം)
2. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര
   (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)